# സാവൂളിന്റെ മാനസാന്തരം

## അപ്പസ്തോലപ്രവർത്തനങ്ങൾ

## അദ്ധ്യായം 9

ഡമാസ്കസിലുള്ള ക്രിസ്ത്യാനികളെ ബന്ധനസ്ഥരാക്കി ജറുസലെമിലേക്കു കൊണ്ടുവരാനുള്ള അധികാരപത്രവുമായി പോയ സാവൂൾ ഡമാസ്കസിനടുത്തുവച്ച് പ്രകാശപൂർണ്ണമായ ഒരു ദർശനത്തിന്റെ ഫലമായി കുതിരപ്പുറത്തുനിന്ന് താഴെ വീഴുകയും അന്ധനായിത്തീരുകയും ചെയ്തു. അതേ സമയം മുകളിൽനിന്ന് ഒരശരീരി സ്വരം കേട്ടു: "സാവൂൾ, സാവൂൾ, നീ എന്തിനു എന്നെ പീഡിപ്പിക്കുന്നു?" (9:4). സാവൂൾ ചോദിച്ചു: "നീ ആരാണ്?" അതിനുത്തരമായി, "നീ പീഡിപ്പിക്കുന്ന ക്രിസ്തുവാണ് ഞാൻ" എന്ന് മറുപടി കിട്ടി (9:5). യേശു അദ്ദേഹത്തോട്, എഴുന്നേറ്റ് നഗരത്തിലേക്കുപോകാനും, അവിടെ വച്ച് എന്തു ചെയ്യണമെന്ന് അറിയിക്കപ്പെടുമെന്നും പറഞ്ഞു (9:6). അതനുസരിച്ച് കൂടെയുണ്ടായിരുന്നവർ സാവൂളിനെ കൈക്കുപിടിച്ച് നഗരത്തിലേക്കു കൊണ്ടുപോയി. യൂദാസ് എന്നു പറയപ്പെടുന്ന ഒരാളുടെ വീട്ടിലെത്തി. അവിടെ മൂന്നു ദിവസം ഭക്ഷണംപോലും കഴിക്കാനാവാതെ അന്ധനായിത്തന്നെ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി (9:11).

ഡമാസ്ക്കസിലുണ്ടായിരുന്ന അനനിയാസ് എന്നു പേരുള്ള ഒരു ക്രിസ്തു ശിഷ്യൻ ഈ വിവരം ഒരു ദർശനത്തിലൂടെ അറിയുകയും സാവൂളിന്റെ അടുത്തുവന്ന് കൈകൾ വച്ച് പ്രാർത്ഥിച്ച് കാഴ്ച നല്കുകയും ചെയ്തു. അതോടെ സാവൂൾ എഴുന്നേറ്റ് ജ്ഞാനസ്നാനം സ്വീകരിക്കുകയും പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞ് പൗലോസാവുകയും ചെയ്തു (9:10–18). അനന്തരം ഡമാസ്ക്കസിലെ ക്രിസ്തുശിഷ്യരോടുകൂടി കുറെ ദിവസം കഴിച്ചുകൂട്ടി ആ സമയത്ത് അദ്ദേഹം ഡമാസ്ക്കസിലെ സിനഗോഗ് സന്ദർശിക്കുകയും യേശുക്രിസ്തു ദൈവപുത്രനാണെന്നും മുൻകൂട്ടി പ്രവചിക്കപ്പെട്ടിരുന്ന രക്ഷകനായ മിശിഹായാണെന്നും പ്രസംഗിക്കുവാൻ തുടങ്ങുകയും ചെയ്തു. എല്ലാവരും വിസ്മയഭരിതരായി. എന്നാൽ യഹൂദ പ്രമാണികൾ പൗലോസിനെ എങ്ങനെയെങ്കിലും വധിച്ചുകളയുവാനുള്ള ഗൂഢാലോചനയും ആരംഭിച്ചു. പക്ഷേ ക്രിസ്തുശിഷ്യർ തന്ത്രപൂർവ്വം ശത്രുക്കളിൽനിന്ന് പൗലോസിനെ സംരക്ഷിച്ചുപോന്നു (9:23–25).

**വിചിന്തനം:** തന്റെ ഈ മാനസാന്തര കഥ പൗലോസുതന്നെ ഗലാത്തിയർക്കുള്ള ലേഖനത്തിലും വിവരിക്കുന്നുണ്ട് (ഗലാ 1:11–24). പൗലോസിന്റെ ദൈവവിളി അസാധാരണവും അത്ഭുതകരവുമാണെന്നുള്ളതിൽ സംശയമില്ല. ഒരു കാര്യത്തിൽ മാത്രം മറ്റ് അപ്പസ്തോലന്മാരുടെ വിളിയോടു സാദൃശ്യം കാണാം. അവരെപ്പോലെതന്നെ യേശു നേരിട്ടാണ് പൗലോസിനെ വിളിച്ചത്. അതുകൊണ്ടുതന്നെ അദ്ദേഹവും അപ്പസ്തോലനാണെന്ന് അഭിമാനിക്കുന്നു (റോമ 1:1; 1 കോറി 9:1; 15:8–9; ഗലാ 1:11–12). ഇതേപ്പറ്റി ആഴത്തിൽ ചിന്തിച്ചപ്പോൾ പൗലോസിനു ബോധ്യമായി, ഈ ദൈവവിളി അവിചാരിതമല്ലെന്നും അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ദൈവം അദ്ദേഹത്തെ പ്രത്യേകം തിരഞ്ഞെടുത്തതാണെന്നും ദൈവത്തിന്റെ കൃപയാണ് തന്റെ വിളിക്ക് ആധാരമെന്നും (ഗലാ 1:15; 2 കോറി 12:9; 1 കോറി 15:10).

**9:26–31, പൗലോസിന്റെ ജറുസലെം സന്ദർശനം:** "ജറുസലെമിൽ എത്തിയപ്പോൾ ശിഷ്യരുടെ സംഘത്തിൽ ചേരുവാൻ അവൻ പരിശ്രമിച്ചു. ബർണബാസ് അവനെ അപ്പസ്തോലന്മാരുടെ അടുക്കൽകൂട്ടിക്കൊണ്ടുവന്നു" (9:26–27).

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ പൗലോസിന്റെ മാനസാന്തരം കഴിഞ്ഞ് അധികനാൾ കഴിയുന്നതിനു മുമ്പേതന്നെ പൗലോസും ബർണബാസും ഒരുമിച്ച് ഡമാസ്ക്കസിൽനിന്ന് ജറുസലെമിലേക്ക് അപ്പസ്തോലന്മാരെ കാണാൻ പോയെ

ന്ന് തോന്നിപ്പോകും. എന്നാൽ ഇതേക്കുറിച്ച് പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഗലാത്തിയർക്കുള്ള പൗലോസിന്റെ ലേഖനത്തിൽ അദ്ദേഹംതന്നെ തന്റെ ദൈവവിളിയെ പരാമർശിച്ചുകൊണ്ടു പറഞ്ഞിരിക്കുന്നതിന്റെ വെളിച്ചത്തിൽ, മാനസാന്തരം കഴിഞ്ഞ് മൂന്നു വർഷങ്ങൾക്കുശേഷമാണ് ജറുസലെമിലേക്കു ആദ്യമായി പോയതെന്നും അപ്പസ്തോലന്മാരെ കണ്ടതെന്നും തോന്നിപ്പോകും. അതിപ്രകാരമാണ്: ഗലാ 1:17-18.

“എനിക്കുമുമ്പേ അപ്പസ്തോലന്മാരായവരെ കാണാൻ ഞാൻ ജറുസലെമിലേക്കു പോയതുമില്ല. മറിച്ച് ഞാൻ അറേബ്യായിലേക്കു പോകുകയും ഡമാസ്ക്കസിലേക്കു തിരിച്ചുവരികയും ചെയ്തു. മൂന്നു വർഷത്തിനുശേഷം കേപ്പായെ കാണുവാൻ ഞാൻ ജറുസലെമിലേക്കുപോയി. അവനോടൊത്തു പതിനഞ്ചുദിവസം താമസിക്കുകയും ചെയ്തു” (ഗലാ 1:17-18).

ഈ പ്രസ്താവനയിൽനിന്ന് ഊഹിക്കാവുന്നത്, മാനസാന്തരം കഴിഞ്ഞ് കുറേനാൾ കഴിഞ്ഞപ്പോൾ (9:23) അദ്ദേഹം പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനുമായി അറേബ്യൻ മരുഭൂമിയിലേക്ക് പോയിക്കാണണം എന്നും അതിനുശേഷമാണ് അദ്ദേഹം ലേഖനത്തിൽ പറയുന്ന ഈ ആദ്യ ജറുസലെം സന്ദർശനം നടത്തിയതെന്നുമാണ്. മരുഭൂമിയിലെ ഏകാഗ്രതപസ്സിലായിരിക്കണം, അദ്ദേഹത്തിന് യേശുക്രിസ്തു സുവിശേഷം പൂർണ്ണമായി വെളിപ്പെടുത്തിക്കൊടുത്തത് (ഗലാ 1:11-12) “യേശുക്രിസ്തുവിന്റെ വെളിപാടിലൂടെയാണ് ഞാൻ പ്രസംഗിച്ച സുവിശേഷം എനിക്കു ലഭിച്ചത്” (ഗലാ 1:12).

വാസ്തവത്തിൽ പൗലോസ് തന്റെ മാനസാന്തരത്തിനുശേഷം 6 പ്രാവശ്യം ജറുസലെം സന്ദർശിച്ചതായി പരാമർശമുണ്ട് (അപ്പ 9:26; 11:30; 12:25; 15:2; 18:22; 21:17) ഇവയിൽ, ഗലാത്തിയർക്കുള്ള ലേഖനത്തിൽ പറയുന്ന സന്ദർശനമാണ് ആദ്യത്തേതെന്ന് പല പണ്ഡിതന്മാരും കരുതുന്നു.

പൗലോസ് യേശുക്രിസ്തുവിനെ അനുകരിച്ച്, പരസ്യപ്രഭാഷണങ്ങൾക്കു മുമ്പായി മരുഭൂമിയിലെ ഏകാഗ്രതയിൽനിന്ന് ആത്മീയശക്തി സംഭരിക്കാൻ തീരുമാനിച്ചതാകാം (ലൂക്കാ 4:13-14; 1 കോറി 11:1). പരസ്യജീവിതകാലത്തുപോലും യേശു രാത്രികാലങ്ങളിൽ ഏകാഗ്രത അന്വേഷിച്ച് വിജനപ്രദേശങ്ങളിലേക്കും മലയിലേക്കും പോയിരുന്നുവെന്നു പറയുന്നുണ്ടല്ലോ (ലൂക്കാ 6:12; യോഹ 6:15; 1 തെസ 3:10; 5:17; എഫേ 6:18; 1 കോറി 7:32-35).

ഇതിനും പുറമേ, ബർണബാസ് പൗലോസിനെ അപ്പസ്തോലന്മാരുടെ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടുപോയെന്നും പറയുന്നു (9:27). ബർണബാസ് സൈപ്രസുകാരനായ ലേവ്യവംശജനായിരുന്നു (4:36-37). അദ്ദേഹം എല്ലാം വിറ്റ് ജറുസലെമിലേക്ക് വന്ന് ക്രിസ്തുശിഷ്യനായി. പിന്നീടാണ് പൗലോസിനൊപ്പം സഹയാത്രികനും സുവിശേഷപ്രഘോഷകനും ആയത് (15:22, 35-36).

ഇതിനും പുറമേ, ആ സമയത്ത് പത്രോസ് ജറുസലെമിൽ ഉണ്ടായിരുന്നുവെന്ന് കരുതാനും പ്രയാസമാണ്. കാരണം, ഡീക്കൻ പീലിപ്പോസ് സമരിയായിൽ സുവിശേഷം പ്രസംഗിച്ച് അനേകരെ മാനസാന്തരപ്പെടുത്തി എന്നുകേട്ട്, അവർക്ക് പരിശുദ്ധാത്മാവിനെ നല്കി അവരെ പരിപൂർണ്ണരാക്കാൻ പത്രോസും യോഹന്നാനും അങ്ങോട്ട് പോയിരിക്കുകയായിരുന്നു (8:14-16). അതേതുടർന്ന് അവർ സമരിയായിലെ പല ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ചു നടക്കുകയായിരുന്നുവെന്നും പറയുന്നുണ്ട് (8:25). അങ്ങനെ അവർ ലിദിയവരെ എത്തി എന്നും രേഖപ്പെടുത്തിയിരിക്കുന്നു (9:32). ലിദിയ ജറുസലെമിൽനിന്ന് വളരെ അകലെ കടൽതീരത്ത്, യോപ്പാ തുറമുഖത്തിനടുത്താണ്.

അറേബ്യൻ മരുഭൂമിയിലെ നീണ്ട ഏകാന്തവാസത്തെപ്പറ്റി ഗ്രന്ഥകർത്താവായ ലൂക്കാ രേഖപ്പെടുത്താതിരുന്നത്, അതെല്ലാം പൗലോസിന്റെ ജീവചരിത്രത്തിന്റെ ഭാഗമാണെന്നു കണക്കാക്കിയതുകൊണ്ടായിരിക്കാമെന്നും ലൂക്കായുടെ ഉദ്ദേശ്യം അപ്പസ്തോലന്മാരിലൂടെയുണ്ടായ സുവിശേഷ വ്യാപ്തിയും സഭയുടെ വളർച്ചയും മാത്രമായിരുന്നെന്നും പണ്ഡിതന്മാർ കരുതുന്നു. അതാണല്ലോ, റോമിലെ വീട്ടുതടങ്കലിലും പൗലോസ് യേശുക്രിസ്തുവിനെക്കുറിച്ചു പഠിപ്പിച്ചുകൊണ്ടിരുന്നുവെന്നു മാത്രം പറഞ്ഞുകൊണ്ട് പൗലോസിന്റെ അന്ത്യക്കുറിച്ച് ഒരു വാക്കുപോലും പറയാതെ ലൂക്കാ അപ്പസ്തോലപ്രവർത്തനങ്ങൾ അവസാനിപ്പിച്ചിരിക്കുന്നത് (28:30-31). പത്രോസ് ലിദിയായിൽനിന്ന് യോപ്പാ തുറമുഖത്ത് എത്തി, അവിടെ മരിച്ചുപോയ തബീത്താ എന്നൊരു ശിഷ്യയെ അത്ഭുതകരമായി ഉയിർപ്പിച്ചതും യോപ്പായിൽ കുറെനാൾ താമസിച്ചതും ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട് (9:36-43).